പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 144 — 28/06/2016 ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ ഏതെല്ലാം താലൂക്ക്/ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | ഹരിപ്പാട് താലൂക്ക് ആശുപത്രി, തുറവൂർ താലൂക്ക് ആശുപത്രി |
| (ബി) | ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കിഡ്നി ഡയാലിസിസ് യൂണിറ്റ് സൗകര്യം ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് വിശദമാക്കാമോ; | (ബി) | ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുവാനാവശ്യമായ ഭൗതിക സാഹചര്യം നിലവിലില്ല. ഭൗതിക സാഹചര്യം നിലവിൽ വരുന്ന മുറയ്ക്ക് ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതാണ്. |
| (സി) | ഇവിടെ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുവാൻ സംവിധാനങ്ങൾ പുതിയ തായി സജ്ജീകരിക്കേണ്ടതുണ്ടോ യെന്ന് വിശദമാക്കാമോ; | (സി) | കെട്ടിടം, ഉപകരണങ്ങൾ, ജീവനക്കാർ എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പുതുതായി സജ്ജീകരിക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിലുണ്ട്. 05/02/2013 -ലെ സർക്കാർ ഉത്തരവ് (സാധാ) നം. 114/2013/നികുതി വകുപ്പ് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ 27 ആശുപത്രികളിൽ കാരുണ്യ ബനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ ഫണ്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ